**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3312** **01-03-2023 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീമതി കെ.കെ.രമ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:-<br><br>**<u>ഓൺലൈൻ പോർട്ടൽ</u> :-** കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിച്ച് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റിസ് ചെയ്ത് www.eemployment.kerala.gov.in ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ടി വെബ് സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br><br>**<u>ഇ-ഓഫീസ്</u> :-** കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുന്നതിനും ടി ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൂടുതൽ വേഗത്തിലും കൂടുതൽ സുതാര്യമായും ലഭ്യമാക്കുന്നതിന് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. |

**മൊബൈൽ ആപ്ലിക്കേഷൻ** :- എംപ്ലോയ്മെന്റ് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ, നെറ്റ്‌വർക്ക് കണക്ഷൻ എന്നിവയുടെ അപര്യാപ്തത കാരണം ടി ഓൺലൈൻ സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭിക്കുന്നതിന് പരിമിതികളുണ്ട്. ഇത് മറികടക്കുന്നതിനും വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽ തുമ്പിൽ ലഭ്യമാക്കുന്നതിനുമായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്.

**ക്യൂ.ആർ. കോഡ് ഉൾപ്പെടുത്തിയ സ്മാർട്ട് കാർഡ്:-** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിന് പകരം സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

**ഡാറ്റാ ഡിജിറ്റൈസേഷൻ:-** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ചുവെങ്കിലും മാന്വൽ രജിസ്ട്രേഷൻ രേഖകൾ ഇപ്പോഴും എക്സ്ചേഞ്ചുകളിൽ സൂക്ഷിക്കുകയാണ്. അവയെ നശിപ്പിക്കുന്നതിനു മുൻപായി എല്ലാ രജിസ്ട്രേഷൻ രേഖകളും സ്കാൻ ചെയ്ത് സൂക്ഷിക്കേണ്ടതുണ്ട്. ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ മാന്വൽ രജിസ്ട്രേഷൻ രേഖകൾ സ്കാൻ ചെയ്ത് ഓൺലൈൻ പോർട്ടലിലെ ഡാറ്റാബേസുമായി ബന്ധിപ്പിച്ചുവരുന്നു.

**പ്രൈവറ്റ് ജോബ് പോർട്ടൽ** :- കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി എംപ്ലോയ്മെന്റ് വകുപ്പ് പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചു വരികയാണ്. പ്രൈവറ്റ് മേഖലയിലെ എല്ലാ തൊഴിൽ ദായകർക്കും ടി സൈറ്റിൽ രജിസ്റ്റർ ചെയ്ത് അവരുടെ വേക്കൻസികൾ നോട്ടിഫൈ ചെയ്യുവാൻ സാധിക്കും. ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിലുകളിലേക്ക് ടി പോർട്ടൽ മുഖേന അപേക്ഷിക്കുവാനും ഉദ്യോഗദായകർക്ക് ടി അപേക്ഷകരിൽ നിന്നും അവർക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാനും

| | | | |
|---|---|---|---|
| | | | സാധിക്കും. കൂടാതെ ഉദ്യോഗദായകർക്ക് വകുപ്പിന്റെ സഹകരണത്തോടെ മിനി/മെഗാ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് ഈ പോർട്ടൽ വികസിപ്പിച്ചു വരുന്നത്.<br><br>**<u>പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്</u>**:<br><br>കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തിക മാന്ദ്യവും സംഭവിച്ച സാഹചര്യത്തിൽ പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. അതിന്റെ പ്രധാന ഗുണഭോക്താക്കൾ താഴെപ്പറയുന്നവരാണ്.<br><br>(i) വിദേശ മലയാളികൾ (നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ മലയാളികൾ)<br><br>(ii) കേരളത്തിന് പുറത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ മലയാളികൾ<br><br>(iii) തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന മേൽപ്പറഞ്ഞ രണ്ട് വിഭാഗക്കാർ.<br><br>**<u>മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>**<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആട്ടോമേറ്റഡ് ടോക്കൺ സിസ്റ്റം, സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്ക്കുകൾ, ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ ഗൈഡൻസ് നൽകുന്നതിനുള്ള ഡിജിറ്റൽ ഡിസ് പ്ലേ എന്നിവ സ്ഥാപിച്ച് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിനു പകരം സ്മാർട്ട് കാർഡുകളും നൽകുന്ന തരത്തിൽ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കുന്ന നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ പിൻവാതിലിലൂടെ വ്യാപകമായി നിയനമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ വകുപ്പ് സ്വീകരിച്ച തിരുത്തൽ നടപടികൾ വിശദമാക്കാമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ അല്ലാതെ പിൻവാതിലിലൂടെ വ്യാപകമായി നിയമനങ്ങൾ നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. വകുപ്പിൽ നിന്നും നടത്തുന്ന സ്ഥാപന പരിശോധനകളിലും കൂടാതെ വ്യക്തികൾ / സംഘടനകൾ നൽകുന്ന പരാതികളുടെ അടിസ്ഥാനത്തിലും അംഗീകൃത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നാമമാത്രമായി നടത്തിയിട്ടുള്ള നിയമനങ്ങൾ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടതിൽ ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് വകുപ്പ് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. ആയത് കൃത്യമായി നടപ്പിലാക്കുന്നതിനായി കർശന നിർദ്ദേശം വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനികവൽക്കരിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുകയും എല്ലാ ഓഫീസുകളിലും കേരളാ സ്റ്റേറ്റ് വൈഡ് ഏര്യാ നെറ്റ്‌വർക്ക് (KSWAN) മുഖാന്തരം ഇന്റർനെറ്റ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന രീതിയിൽ സജ്ജമാക്കുകയും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകർക്ക് ഓൺലൈൻ സേവനം നൽകുന്നതിനായി www.eemployment.kerala.gov.in ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വകുപ്പിന്റെ സേവനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് എവിടെ നിന്നും ഏതു സമയവും ലഭ്യമാണ്. അതോടൊപ്പം കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുന്നതിനും ടി ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൂടുതൽ വേഗത്തിലും കൂടുതൽ സുതാര്യമായും ലഭ്യമാക്കുന്നതിന് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ഇതിനു പുറമേ മൊബൈൽ ആപ്ലിക്കേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, ഉദ്യോഗാർത്ഥികളുടെ മാന്വൽ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | റെക്കാർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിവയും നടപ്പിലാക്കി വരികയാണ്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012 - 13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ച് വരുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തുള്ള 11 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം പ്രവർത്തിച്ച് വരുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കാസർകോഡ്, പാലക്കാട് എന്നീ ജില്ലകളിലാണ് സ്ഥിതി ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ